# പിന്നാക്ക വിഭാഗ വികസന വകുപ്പ് എറണാകുളം മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ നടപടി ഉത്തരവ്

**(ഹാജർ : ശ്രീ. ആർ. ഷിബു - ഇൻ ചാർജ്ജ്)**

വിഷയം : പി.വി.വി.വ - എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം (2017-18) - ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : 1) പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ 30.10.17 ലെ **BCDD/A3/1423/17(1)** നമ്പർ വിജ്ഞാപനം

2) സ.ഉ.(സാധാ) നം. 87/2017/പി.വി.വി.വ തീയതി 16.08.2017

3) പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ 31.01.18 ലെ **BCDD/A3/1423/17(2)** നമ്പർ കത്ത്

==========================================================================

**DDEKM/A1/295/17** തീയതി 05.02.2018

==========================================================================

പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പാക്കുന്ന മത്സര പരീക്ഷാ പരിശീലന ധനസഹായ പദ്ധതിയായ എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാമിന് അപേക്ഷ ക്ഷണിച്ചു കൊണ്ട് പരാമർശം 1 പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. നടപ്പു സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയ തുകയിൽ മെഡിക്കൽ/എഞ്ചിനീയറിങ് എൻട്രൻസ് പരിശീലനത്തിന് ₹400 ലക്ഷം, ബാങ്കിങ് സർവ്വീസ് പരിശീലനത്തിന് ₹ 50 ലക്ഷം, സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനത്തിന് ₹ 25 ലക്ഷം എന്നിങ്ങനെ പരിധി നിശ്ചയിച്ച് ഭരണാനുമതി നൽകി പരാമർശം 2 പ്രകാരം ഉത്തരവായിരുന്നു. പദ്ധതിയുടെ അന്തിമ ഗുണഭോക്തൃപട്ടിക തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതിന് പരാമർശം 3 പ്രകാരം എറണാകുളം മേഖലാ ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

നിശ്ചിത തീയതിക്കകം എറണാകുളം, കോഴിക്കോട് മേഖലാ ആഫീസുകളിൽ ലഭ്യമായ അപേക്ഷകളും അനുബന്ധരേഖകളും സൂക്ഷ്മ പരിശോധന പൂർത്തീകരിച്ച് ഓൺലൈൻ പോർട്ടലിൽ അപ്ഡേറ്റ് ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ വിജ്ഞാപനത്തിലെ മാനദണ്ഡങ്ങൾക്ക് വിധേയമായി ഉയർന്ന മാർക്ക്, താഴ്ന്ന വരുമാനം എന്നിവയുടെ അടിസ്ഥാനത്തിൽ മെഡിക്കൽ/എഞ്ചിനീയറിങ്, ബാങ്കിങ് സർവ്വീസ്, സിവിൽ സർവ്വീസ് എന്നീ വിഭാഗങ്ങളിലായി അർഹരായവരുടെ ആദ്യഘട്ട ഗുണഭോക്തൃപട്ടികയും, മെഡിക്കൽ/എഞ്ചിനീയറിങ് വിഭാഗത്തിലെ വെയ്റ്റിങ് ലിസ്റ്റും തയ്യാറാക്കി അംഗീകരിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു. ഓരോ സ്കീമിലും തെരഞ്ഞെടുക്കപ്പെട്ടവരുടെ എണ്ണം, ആകെ തുക എന്നിവ ചുവടെ ചേർക്കുന്നു.

| സ്കീം | തെരഞ്ഞെടുക്കപ്പെട്ടവരുടെ എണ്ണം | ആകെ തുക |
|---|---|---|
| മെഡിക്കൽ/എഞ്ചിനീയറിങ് | 1340 | ₹ 39985285 |
| ബാങ്കിങ് സർവ്വീസ് | 297 | ₹ 4995250 |
| സിവിൽ സർവ്വീസ് | 3 | ₹ 1,50,000 |
| ആകെ | 1640 | ₹ 45130535 |

(മറുപുറം)

മെയിൻ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് അർഹമായ തുക പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ അക്കൗണ്ടിൽ നിന്നും അവരവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതാണ്. കോഴിക്കോട് മേഖലയിലെ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഉൾപ്പെട്ട നിശ്ചിത മാതൃകയിലുള്ള സ്റ്റേറ്റ്മെന്റ് പ്രസ്തുത ആഫീസിൽ തയ്യാറാക്കേണ്ടതും, കൺസോളിഡേറ്റഡ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കുന്നതിനായി എറണാകുളം മേഖലാ ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറേണ്ടതുമാണ്.

(ഒപ്പ്/-)

മേഖലാ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ് - തിരുവനന്തപുരം (ആമുഖകത്ത് സഹിതം)
മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, പി.വി.വി.വ - കോഴിക്കോട്
ഐ.ടി. ഡിവിഷൻ, പിന്നാക്ക വിഭാഗ വികസന വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
നോട്ടീസ് ബോർഡ്
കരുതൽ/അധികം

*പിവിഎസ് 05.02.18*